പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :4278

17.5.2017 ൽ
മറുപടിക്ക്

## ആലപ്പാട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | കായംകുളം ഫിഷിംഗ് ഹാർബറിന്റെ പ്രാധാന്യവും പ്രദേശത്തിന്റെ സുരക്ഷിതത്വവും മുൻനിർത്തി ആലപ്പാട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ: എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ തീരദേശ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് നിലവിൽ ഈ പ്രദേശം, തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽപ്പെട്ടതാണ്. ഈ മേഖലയിൽ പുതുതായി ഒരു കോസ്റ്റൽ പോലീസ് സ്റ്റേഷൻ കൂടി ആവശ്യമുള്ളതായി കാണുന്നില്ല. |
| ബി) | മത്സ്യബന്ധന യാനങ്ങൾ കായംകുളം ഫിഷിംഗ് ഹാർബിൽ അടുക്കുമ്പോഴുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഇപ്പോൾ നടത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | ബി) ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഓച്ചിറ പോലീസ് സ്റ്റേഷനിൽ നിന്നും ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് പ്രദേശത്ത് സംഘർഷങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പോലീസുമായി നിരന്തര ബന്ധം സ്ഥാപിച്ച് പ്രസ്തുത പ്രദേശത്ത് സമാധാന അന്തരീക്ഷം നിലനിർത്തുന്നതിന് കടലോര ജാഗ്രത സമിതികളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ